ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എം.എൽ.എ. റോഡുകൾക്കു വേണ്ടി രണ്ട് എസ്റ്റിമേറ്റുകൾ കിട്ടിയിട്ടുണ്ട്. ഒന്ന് 170 ലക്ഷം രൂപയുടെയും മറ്റൊന്ന് 95 ലക്ഷം രൂപയുടെയും. രണ്ട് എസ്റ്റിമേറ്റുകൾ കിട്ടിയിട്ടുണ്ടെങ്കിലും അവയുടെ പൂർണ്ണമായ വിവരം കിട്ടിയിട്ടില്ല. റോഡുകൾ ഗവൺമെൻറ് ഏറ്റെടുത്തിട്ടുണ്ടോയെന്നതു മുതൽ ചില വിവരങ്ങൾകൂടി കിട്ടാനുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ അതിന് ഭരണാനുമതി നൽകുന്നതാണ്. പിന്നെ പാലത്തിന്റെ കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വളരെ പ്രധാനപ്പെട്ട ഒരു കടത്താണ് അത്. ധാരാളം ആളുകൾ ദിവസേന അക്കരെ പോയിക്കൊണ്ടിരിക്കുന്ന കടത്താണ്. ഈ പാലത്തിന് തുക ഉൾക്കൊള്ളിച്ചിട്ടുള്ളത് 100 ഉറുപ്പികയാണ്. അതുകൊണ്ട് തൽക്കാലം പാലത്തിന്റെ പ്രശ്നം ആലോചിക്കേണ്ടെന്നും ഞാൻ ബഹുമാനപ്പെട്ട മെമ്പറോട് പറഞ്ഞിട്ടുണ്ട്. പുതിയ ഒരു ചങ്ങാടം അവിടെ ഉണ്ടാക്കാനുള്ള നിർദ്ദേശമാണ് ഇപ്പോൾ കൊടുത്തിട്ടുള്ളത്. വട്ടവട ടോപ് സ്റ്റേഷൻ റോഡിന്റെ കാര്യമാണെങ്കിൽ 20 ലക്ഷത്തോളം രൂപയ്ക്കുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. അതനുസരിച്ച് കുറെ ഭാഗം പണി തീർന്നുവെങ്കിലും കരാറുകാരൻ അത് ഇട്ടിട്ടുപോയി. അതിന് ഏകദേശം 30 ലക്ഷം ഉറുപ്പികയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അനുമതിക്കായി എഴുതിക്കഴിഞ്ഞാൽ പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്.

(6) കോഴിക്കോട് ടെലഫോൺ എക്സ്ചേഞ്ചിലെ പോലീസ് അതിക്രമം

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: സർ, ഞാൻ ഇവിടെ മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത് കോഴിക്കോട്ട് കഴിഞ്ഞ മാസം 24–ാം തീയതി ഉണ്ടായ ടെലഫോൺ കുഴപ്പത്തെ സംബന്ധിച്ച കാര്യത്തിലേക്കാണ്. ഒരു ചെറിയ സംഭവം കേരള വ്യാപകമായ ഒരു വലിയ സംഭവമായിത്തീരാനിടയായതിന്റെ ഒരു ചെറിയ വിവരണമാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്. അഷ്റഫ് എന്ന ഒരു ടെലഫോൺ ജീവനക്കാരൻ ഒരു ബസ് കണ്ടക്ടറെ അടിച്ചു. ബസ് കണ്ടക്ടറും അയാളുടെ സഹായികളും കൂടി അഷ്റഫിനെ തിരിച്ചടിച്ചു. ബസ് കണ്ടക്ടർ പോലീസിൽ പരാതി കൊടുത്തു. പോലീസ് അഷ്റഫിനെ വിളിച്ച് പ്രശ്നം പറഞ്ഞൊതുക്കിത്തീർത്ത് പുറത്തേക്ക് വിടുന്ന അവസരത്തിൽ മജീദ് എന്നു പറഞ്ഞ ഒരു സബ് ഇൻസ്പെക്ടർ അഷ്റഫിനെ പിടിച്ചുകൊണ്ടു പോയി മുറിയിലിട്ട് പൂട്ടി കഠിനമായി മർദ്ദിച്ചു. അതിനെപ്പറ്റി അന്വേഷിക്കാൻ ചെന്ന ടെലഫോൺ ജീവനക്കാരിൽ 22 പേരെ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി. അതെത്തുടർന്ന് സംഘർഷം വർദ്ധിക്കുകയും ചെറിയ തോതിലുള്ള ലാത്തിച്ചാർജ്ജ് നടക്കുകയും ചെയ്തു. ലാത്തിച്ചാർജിനുശേഷമാണ് പോലീസ് ടെലഫോൺസ് ഹെഡ് ആഫീസിൽ കടന്ന് അതിക്രമങ്ങൾ കാണിച്ചിട്ടുള്ളത്. ഇതൊരു പ്രധാനപ്പെട്ട ആഫീസാണ്. അവിടെ മറ്റുള്ളവർക്ക് പ്രവേശിക്കണമെങ്കിൽ പെർമിഷൻ വേണം. പോലീസ് കയറി എന്തും ചെയ്യാനുള്ള ആഫീസ് അല്ല. ഇതു രണ്ടും ഗൗരവമുള്ള ആഫീസുകളാണ്. കേന്ദ്ര ഗവൺമെൻറ് സ്ഥാപനമായ ടെലഫോൺസിൽ വളരെയേറെ ഗൗരവമുള്ള പ്രവർത്തനമാണ് നടക്കുന്നത്. നമ്മുടെ നിയമസമാധാന പാലകൻമാരാണെങ്കിൽ മോശക്കാരല്ല. എതായാലും ഇപ്പോഴത്തെ ഡിസ്ട്രിക്ട് മാനേജർ–

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്.ജി. പിള്ള—ഞങ്ങളോട് പറഞ്ഞിട്ടുള്ളത്, ഇതുപോലെ ഒരു സംഭവം അയാളുടെ ജീവിത കാലത്ത് ഉണ്ടായിട്ടില്ലെന്നാണ്. അയാൾ യുദ്ധരംഗത്തു പോലും സേവനം നടത്തിയിട്ടുള്ള ആളാണ്. 'മനോരമ' യുടെ ലേഖകൻ, ശ്രീ. ദാമോദരനെ പത്രക്കാരനാണെന്നു പറഞ്ഞിട്ടു പോലും പൊതിരെ തല്ലുകയാണുണ്ടായത്. ടെസ്റ്റ് റൂമിന്റെ വാതിൽ പാര കൊണ്ട് പൊളിച്ചാണ് അതിന്റെയുള്ളിലെ മെഷീനുകൾ എല്ലാം കേടാക്കിയത്. മൈക്കിൾ എന്ന ഒരു ജീവനക്കാരനെ അടിച്ച് തല പൊട്ടിച്ചു. വിശ്വനാഥനെ കഠിനമായി മർദ്ദിച്ചു. ഇവർ രണ്ടുപേരും ഇപ്പോൾ ആശുപത്രിയിലാണ്. ഈ പ്രശ്നത്തെ സംബന്ധിച്ച് ഒരു ഒത്തുതീർപ്പുണ്ടാക്കി, കളക്ടറും ഇവിടെ വന്ന ഡി.ഐ.ജി. യും തമ്മിൽ. പക്ഷ അതു ഗവൺമെന്റ് അംഗീകരിച്ചില്ല. പിന്നീട് അതിനെപ്പറ്റി ഗവൺമെന്റ് ഒരു തീരുമാനമെടുത്തെന്നാണ് പറഞ്ഞത്. ഏതായാലും പോലീസ് ഇതിൽ വ്യത്യസ്തമായ അഭിപ്രായമാണ് പറഞ്ഞത്. ഇത് സി.ഐ.ടി.യു. ക്കാരാണെന്നാണ് ആദ്യം പറഞ്ഞത്. സി.ഐ.ടി.യു. ക്കാർ ആ പ്രദേശത്തുകൂടി പോയിട്ടില്ല. അതിനെപ്പറ്റി അന്വേഷിക്കാൻ റവന്യൂ ബോർഡ് മെമ്പറെയെങ്കിലും അയയ്ക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ പ്രശ്നത്തിൽ എത്രയും വേഗം ഒത്തുതീർപ്പുണ്ടാക്കണം. ഇന്നും സംഘർഷമായിട്ടുള്ള ഒരു സ്ഥിതിവിശേഷം ആ പ്രദേശത്ത് ഉണ്ട്. രണ്ടു ഡിപ്പാർട്ടുമെന്റുകളുടെയും സഹകരണം ഈ കാര്യത്തിൽ വേണം. അതിന് ഈ ഗവൺമെന്റ് സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. വയലാർ രവി): സർ, കളക്ടറുടെ അന്വേഷണത്തിലിരിക്കുന്ന സംഭവമാണെങ്കിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ വാസ്തവത്തിൽ വരുത്തിയതാണെന്ന് മറുപടി പറയാതിരിക്കുവാൻ നിവൃത്തിയില്ല. അഷ്റഫ് എന്നു പറയുന്ന ടെലഫോൺ ജീവനക്കാരൻ ബസ്സിൽ അക്രമങ്ങൾ നടത്തി പ്രേമൻ എന്നു പറയുന്ന ഒരു യാത്രക്കാരനെ മർദ്ദിക്കുകയുണ്ടായി. അതിനു കാരണം പറയുന്നത് അദ്ദേഹത്തിന്റെ അടുത്തുകൂടി ബസ്സു പോയപ്പോൾ ഉരുമ്മിയെന്നാണ്. 'കേരള കൗമുദിയിൽ' ജീവനക്കാരനായ രവീന്ദ്രന്റെ ബന്ധുവായ പ്രേമനെ മർദ്ദിച്ചപ്പോൾ രവീന്ദ്രൻ ഇടപെട്ട് അഷ്റഫുമായി അടിപിടിയുണ്ടായി. അതു കണ്ടു നിന്ന ട്രാഫിക് പോലീസ് കോൺസ്റ്റബിൾ പോലീസിന് ഫോൺ ചെയ്തു വരുത്തി. പോലീസ് കൺട്രോൾ സ്റ്റേഷനിൽ കൊണ്ടുപോയി അഷ്റഫിന്റെ പേരിൽ കേസ്സെടുത്തു. അഷ്റഫിന്റെ പേരിൽ കേസ്സെടുത്തപ്പോൾ അഷ്റഫ് പറഞ്ഞു, എനിക്കു തല്ല് കിട്ടിയിട്ടുണ്ട്, ആശുപത്രിയിൽ പോകണം എന്ന്. അങ്ങനെ ആശുപത്രിയിൽ പോയി. ആശുപത്രിയിൽ പോയിക്കഴിഞ്ഞ സമയത്താണ് ഏകദേശം പതിനൊന്നു മണിയോടുകൂടി ടെലഫോൺ ആഫീസിലെ ഡ്യൂട്ടിയിലുണ്ടായിരുന്ന പത്തു മുപ്പതാളുകൾ നേരെ ട്രാഫിക് പോലീസ് സ്റ്റേഷനിൽ പോയത്. ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോഗസ്ഥൻമാർക്ക് പോലീസ് സ്റ്റേഷനിൽപോയി ബഹളമുണ്ടാക്കാൻ അധികാരമില്ല. പോലീസ് അതിന്റെ പേരിൽ ആദ്യമൊന്നും നടപടിയെടുത്തിരുന്നില്ല. അതിനു ശേഷം പോലീസ് ഇവരുടെ എല്ലാവരുടേയും മേൽ കേസ് എടുത്തിരുന്നു. (ബഹളം) ഇതിനകത്ത് യാതൊരു രാഷ്ട്രീയവുമില്ല. ഇതിനെ ഗൗരവത്തോടുകൂടി കാണണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. പോലീസ്

10 a.m.]

LIBRARY ARCHIVES Kerala Legislative Assembly

കേസെടുത്തു കഴിഞ്ഞ് പതിനൊന്നര മണിയായപ്പോഴും ഡി.ജി.പി. അടക്കം, കളക്ടർ അടക്കം സകല പോലീസുദ്യോഗസ്ഥൻമാരുടെയും ഫയർ ഫോഴ്സുകാരുടെയും ഫോണുകളും ഡിസ്കണക്ട് ചെയ്തു. അവിടംകൊണ്ടും അവസാനിക്കുന്നില്ല. പ്രകടനം നടത്തിക്കൊണ്ടിരുന്നു. ചില സ്ഥിരം സമരക്കാരുണ്ട്. അവർ വൈകുന്നേരം അവിടെ പ്രസംഗം നടത്തി. അതിനുശേഷം പോലീസുകാരോട് വളരെ മോശമായരീതിയിൽ പെരുമാറി. അതിനുശേഷമാണ് ടെലഫോൺ കോമ്പൗണ്ടിനുള്ളിൽ പോലീസ് കടന്നത്. മൂന്നുപേരെ പോലീസ് പിടിക്കുകയുണ്ടായി. അതിനകത്ത് രണ്ടായിരത്തോളം കടലാസ്സുകളും കീറിയിട്ടിരുന്നു. ആരാണ് കടലാസുകളും കീറാൻ വരുന്നത്? ആർക്കാണ് ഗ്ലാസ് പൊട്ടിക്കാൻ കഴിയുന്നത്? അതെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അതിനേക്കാളും ഗൗരവമായ പ്രശ്നം മറ്റൊന്നാണ്. തലസ്ഥാന നഗരിയിലെ മുഴുവൻ ടെലഫോണുകളും ഡിസ്കണക്ട് ചെയ്തു. മന്ത്രിമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും ഫോണുകളും ഡിസ്കണക്ട് ചെയ്തു. ചെറിയ സംഭവത്തിന്റെ പേരിൽ എന്ത് അനാവശ്യവും കാണിക്കാനുള്ള അവകാശം ടെലഫോൺ ജീവനക്കാർക്കില്ല. അത് അനുവദിച്ചുകൊടുക്കാനും നിവൃത്തിയില്ല. ഒരു ചെറിയ സംഭവം ഉണ്ടായി കഴിഞ്ഞാൽ സംസ്ഥാനത്തെ മുഴുവൻ ടെലഫോണും ഇല്ലാതാക്കുന്ന തെറ്റായ നടപടി അംഗീകരിച്ചുകൊടുക്കാൻ സാദ്ധ്യമല്ല, അംഗീകരിക്കുന്ന പ്രശ്നവുമില്ല. (ബഹളം) ഡി.എം.പിയുടെ പേര് പറഞ്ഞു. എന്റെ വീട്ടിലെ ഫോൺ ഡിസ്കണക്ട് ചെയ്തിരുന്നു. ശ്രീ. പിള്ള അവിടെ ഉണ്ടായിരുന്നില്ല. കണ്ണൂരിൽ ആയിരുന്നു. രാത്രിയാണ് ഇവിടെ എത്തിയത്. ഗവൺമെന്റ് ഈ പ്രശ്നത്തെ ഗൗരവത്തോടെ കാണുകയാണ്. കമ്മീഷണറെ കോൺടാക്ട് ചെയ്തത് എങ്ങനെയെങ്കിലും ഈ പ്രശ്നം തീർക്കാൻ നിർദ്ദേശം കൊടുക്കാൻ പോലും എനിക്ക് കഴിഞ്ഞില്ല. (ബഹളം) സ്ഥലത്ത് ഉണ്ടായിരുന്ന ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ ഫോൺ ഡിസ്കണക്ട് ചെയ്തു. അദ്ദേഹവുമായി സംസാരിക്കാൻ കഴിഞ്ഞില്ല. നിസ്സാര സംഭവത്തിന്റെ പേരിൽ സംസ്ഥാനത്തൊട്ടാകെയുള്ള ടെലഫോൺ സംവിധാനം ഇല്ലാതാക്കുന്ന നടപടി ശരിയല്ലെന്ന് മാത്രമല്ല പ്രതിപക്ഷത്തുള്ള നേതാക്കൻമാർ ഈ നടപടിയെ പിന്തുണയ്ക്കരുതെന്ന് അപേക്ഷിക്കുന്നു. ഈ സംസ്ഥാനത്തിന്റെ താൽപ്പര്യം കണക്കിലെടുത്ത് ടെലഫോൺ ജീവനക്കാർക്ക് എന്തും ആകാം എന്തും ചെയ്യാമെന്ന നിലപാട് അനുവദിച്ചുകൊടുക്കാൻ നിവൃത്തിയില്ല. അത് ഗവൺമെന്റ് അംഗീകരിക്കുന്ന പ്രശ്നവുമില്ല. കർശനമായി നേരിടുകയും ചെയ്യും.

ശ്രീ. ഇ.കെ. നായനാർ: ഈ സംഭവത്തെ സംബന്ധിച്ച് സംസാരിക്കുന്നതിനായി പിറ്റേദിവസം രാവിലെതന്നെ ഹോം മിനിസ്റ്ററെ പല തവണ ഫോൺ ചെയ്തിരുന്നു. അദ്ദേഹം എവിടെയും പിടികൊടുക്കാതെ ഈ നടപടിക്ക് പൂർണ്ണമായും കൂട്ടുനിന്നു. പോലീസ് ടെലഫോൺ ആഫീസിൽ കയറി തല്ലിപ്പൊട്ടിച്ചു.

(7) മുടങ്ങിപ്പോയ ഫെറി സർവ്വീസുകൾ

ശ്രീ. വി.കെ. രാജൻ: സർ, അഴീക്കോട്—മുനമ്പം ഫെറി സർവ്വീസും കോട്ടപ്പുറം—മൂത്തകുന്നം ഫെറി സർവ്വീസും കരാറുകാർ ഇട്ടിട്ടുപോയിരിക്കുകയാണ്. രണ്ട് ഫെറി സർവ്വീസിലുംകൂടി പതിനായിരക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly